• ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നിവിടങ്ങളിൽ ഐസൊലേഷൻ ആശുപത്രി സംവിധാനം, പ്രത്യേകം നിയോഗിക്കപ്പെട്ട ഡോക്ടർമാർ, മറ്റ് അനുബന്ധ ജീവനക്കാർ, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഐ.സി.യു. വെന്റിലേറ്റർ അടക്കമുള്ള സംവിധാനങ്ങൾ തയ്യാറാണ്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) പക്ഷിപ്പനി പ്രതിരോധത്തിനും നിയന്ത്രണത്തിനും ഒസൽട്ടാമിവിർ എന്ന മരുന്നാണ് ഉപയോഗിക്കുന്നത്. ആവശ്യമായ മരുന്നുകൾ ശേഖരിച്ചിട്ടുണ്ട്. ഒസൽട്ടാമിവിർ 75 മി.ഗ്രാം, ഒസൽട്ടാമിവിർ 30 മി.ഗ്രാം, ഒസൽട്ടാമിവിർ സിറപ്പ് എന്നിവയാണ് ശേഖരിച്ചിട്ടുള്ളത്. ഇതുകൂടാതെ പി.പി.ഇ.കിറ്റുകൾ, മാസ്കുകൾ, 3 ലെയർ മാസ്കുകൾ എന്നിവ കാരുണ്യ ഫാർമസി വഴി ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം ആർ.സി.സി.യിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തിക

109 (T*2660) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ആർ.സി.സി.-യിൽ ആകെ എത്ര സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയുണ്ട് ;

(ബി) എത്ര തസ്തികയിൽ സ്ഥിരം ജീവനക്കാരുണ്ട്, എത്ര താത്ക്കാലിക ജീവനക്കാർ ഈ തസ്തികയിൽ ജോലിനോക്കുന്നുണ്ട് ;

(സി) ആർ.സി.സി.-യിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്, ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്രവർഷമാണ്, എന്ന് അവസാനിക്കും ;

(ഡി) സ്റ്റാഫ്നഴ്സ് തസ്തികയിൽ താൽക്കാലിക ജീവനക്കാരെ സ്ഥിര പ്പെടുത്തുവാൻ ഏതെങ്കിലും ഉത്തരവുകളോ നടപടികളോ ഉണ്ടോ ;

(ഇ) ഈ തസ്തികയിൽ നിയമന നിരോധനം ഏർപ്പെടുത്തുവാൻ തീരുമാനമുണ്ടോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആർ.സി.സി.-യിൽ ഇപ്പോൾ 245 സ്റ്റാഫ് നഴ്സ് തസ്തിക നിലവിലുണ്ട്. കൂടാതെ 50 സ്റ്റാഫ് നഴ്സ് തസ്തിക കൂടി 24-2-2014-ാം തീയതിയിലെ G.O. (MS)No.60/2014/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. ആർ.സി.സി.-യിൽ പണിതുകൊണ്ടിരിക്കുന്ന 10 നില മന്ദിരം പൂർത്തിയാകുമ്പോൾ കിടത്തി ചികിത്സിക്കുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്ന മുറയ്ക്ക് ഈ 50 തസ്തിക നികത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) 245 സ്റ്റാഫ് നഴ്സ് തസ്തികയിൽ 240 സ്റ്റാഫ് നഴ്സുമാരുണ്ട്. താത്ക്കാലിക അടിസ്ഥാനത്തിൽ സ്റ്റാഫ് നഴ്സുമാർ ആരും തന്നെ ആർ.സി.സി. യിൽ ജോലി നോക്കുന്നില്ല. ഒഴിവുള്ള തസ്തികകൾ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നികത്തിവരുന്നു.

(സി) ആർ.സി.സി.-യിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II നിയമനത്തിനായി റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ഈ റാങ്ക് ലിസ്റ്റിൽ നിന്നും 56 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി 19-6-2013 മുതൽ 3 വർഷമാണ്.

(ഡി&ഇ) ഇല്ല.

ലാബ് ടെക്നീഷ്യൻ ഗ്രേഡ് -II തസ്തിക

110 (2661) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-I ഗ്രേഡ് II എന്നിവയുടെ എത്ര തസ്തികകൾ നിലവിലുണ്ട് ;

(ബി) തിരുവനന്തപുരം ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II ഗ്രേഡ് I എന്നീ തസ്തികകളിൽ ഇപ്പോൾ എത്രപേർ വീതം ജോലിചെയ്യുന്നുണ്ട് എന്നറിയിക്കുമോ ;

(സി) ഗ്രേഡ് II തസ്തികയിൽനിന്നും ഗ്രേഡ്-I തസ്തിക ആയി പ്രൊമോഷൻ ലഭിച്ചിട്ടും ഗ്രേഡ് II-ന്റെ പോസ്റ്റുകളിൽത്തന്നെ ഇപ്പോഴും ജോലിയിൽ തുടരുന്ന എത്രപേർ തിരുവനന്തപുരം ജില്ലയിലുണ്ട് എന്നറിയിക്കുമോ ; ഇങ്ങനെ തുടരുന്നതുമൂലം എൻട്രി കേഡറായ ഗ്രേഡ് II -ന്റെ തസ്തികയിലേക്ക് പുതിയ ആൾക്കാർക്ക് നിയമനം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി